## 559

*രീതി: വന്ദിക്കുന്നേശുവേ*

1 സ്നേഹിക്കുന്നേശുവേ! ദാസൻ നിന്നെ
സ്നേഹിക്കുന്നുണ്മയിൽ നായകനേ!
ആ ജീവനാന്തമെൻ മാനസവേദിയിൽ വന്നിടണം നീ പരനേ!

2 ക്രൂശിന്റെ കാഴ്ചയിൽ ശോഭിതമാം
സ്നേഹമാത്മാവിനാൽ ബോധിതനായ്
പ്രാപിച്ചു നിൻകൃപ പാപവിമോചനം നിത്യസുഖം ശാശ്വതമായ്-

3 ക്ലേശങ്ങളെന്റെ മേൽ വീഴുന്നിതാ
നാശമുാംവിധം മാമലപോൽ
നീയല്ലോ മൽസഖി നീയെന്യേയില്ലെനിക്കാശ്രയമായ് ഈ ഗഡുവിൽ-

4 മോഹിക്കുന്നേശുവേ എൻ ഹൃദയം
സ്നേഹത്തിൻ ദിവ്യമാം ജ്വാലയതാൽ
ദാഹിക്കുന്നെൻ മനം മോഹിക്കുന്നെൻ ബലം
ഘോഷിക്കുവാൻ നിൻ സുഗുണം-

**M.E.C.**